"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

**കേരള പ്രിസൺസ് &**
**കറക്ഷണൽ സർവ്വീസസ്**

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
0471-2342532
keralaprisons@gov.in

www.keralaprisons.gov.in

**ഇണ്ടാസ് നം: KPCS/7751/2025-E1; തീയതി: 03-11-2025**

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ-എ) വകുപ്പിന്റെ 10.10.2025 തീയതിയിലെ സ.ഉ (കൈ) നം 153/2025/GAD നമ്പർ ഉത്തരവ് അറിവിലേക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

Preetha V S

PA TO DGP&CS

സ്വീകർത്താവ്:

ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഉദ്യോഗസ്ഥർക്കും

പകർപ്പ്: വെബ് സൈറ്റ്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണ വകുപ്പ് - സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്യുന്ന തസ്തികകൾ റീകാറ്റഗറൈസ് ചെയ്യുന്നത് - ഭേദഗതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - എ) വകുപ്പ്**

സ.ഉ.(കൈ) നം.153/2025/GAD തീയതി,തിരുവനന്തപുരം, 10-10-2025

---

പരാമർശം:-

1. 13/05/1975 — ലെ ജി.ഒ. (എംഎസ്) നം. 98/75/പിഡി
2. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 04/09/2023 ൽ കൂടിയ പട്ടികജാതി / പട്ടികവർഗ്ഗ പ്രാതിനിധ്യ അവലോകന കമ്മിറ്റി യോഗത്തിലെ 6-ാം നമ്പർ തീരുമാനം.
3. 02/11/2024 - ലെ ജി.ഒ. (എംഎസ്) നം. 135/2024/ജിഎഡി
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 06/02/2025 - ലെ A2-1/50039/2018-KPSC നമ്പർ കത്ത്.

**ഉത്തരവ്**

സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്യുന്ന തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി രണ്ട് തവണ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടാകുന്നപക്ഷം പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള യോഗ്യതയിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണെന്നും അപ്രകാരം ഇളവനുവദിച്ചിട്ടും ഉദ്യോഗാർത്ഥികളെ ലഭിക്കാതെ വന്നാലോ അല്ലെങ്കിൽ യോഗ്യതയിൽ ഇളവനുവദിക്കുന്നതിന് സാധ്യത ഇല്ലെങ്കിലോ ഉചിതമായ മറ്റൊരു തസ്തിക പകരം സംവരണം ചെയ്യാവുന്നതാണ് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം യോഗ്യതയിൽ ഇളവ് അനുവദിക്കുന്നത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുള്ള നടപടികളിൽ കാലതാമസം ഉണ്ടാക്കുമെന്നതിനാൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി റിസർവ്വ് ചെയ്ത തസ്തികയിലേയ്ക്ക് രണ്ട് തവണ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സാഹചര്യമുണ്ടാകുകയാണെങ്കിൽ പ്രസ്തുത തസ്തികയ്ക്ക് പകരം അതേ കാറ്റഗറിയിലുള്ള മറ്റൊരു തസ്തികയിലേയ്ക്ക് റീകാറ്റഗറൈസ് ചെയ്യുന്നതിനുള്ള ശിപാർശ പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാരിൽ സമർപ്പിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം തീരുമാനമെടുത്തിരുന്നു. ആയത് പ്രകാരം പരാമർശം (1) ഉത്തരവ് ഭേദഗതി വരുത്തി,

സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി സംവരണം ചെയ്യുന്ന തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി രണ്ട് തവണ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷവും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തപക്ഷം യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതിന് പകരം ആദ്യപടിയായി തന്നെ അതേ കാറ്റഗറിയിൽ നിന്നും പകരം മറ്റൊരു തസ്തിക കണ്ടെത്തി റീകാറ്റഗറൈസ് ചെയ്യുന്നതിന് നിർദ്ദേശം നൽകി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(2) കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിക്കാതെ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിച്ചത് അനുചിതമാണെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി പരാമർശം (4) പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) ലെ ഭേദഗതി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, ഭേദഗതിയ്ക്ക് മുൻപുണ്ടായിരുന്നതുപോലെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് അതുപ്പോലെ നിലനിർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ് പി.ഒ., തിരുവനന്തപുരം - 695 001 (ആമുഖ കത്ത് സഹിതം)

എല്ലാ വകുപ്പുതലവൻമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

പൊതുഭരണ (എംപ്ലോയ്മെന്റ് സെൽ - ബി) വകുപ്പ്

പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്

വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ് (ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Praveen Kumar S
Date: 13-10-2025 17:17:53
സെക്ഷൻ ഓഫീസർ